85/DGE/HSE/NSS/2023

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി, ഉള്ളൂർ ലെയിൻ (Opp. New Building),
തിരുവനന്തപുരം.
04712323023
dhsensskerala@gmail.com

തീയതി : 30.08.2024

## സർക്കുലർ

**വിഷയം :** ഒന്നാം വർഷ വിദ്യാർത്ഥികളുടെ എൻറോൾമെന്റ് എസ്.എഫ്.യു. പ്രവർത്തന/ അഡ്മിസ്ട്രേറ്റീവ് ഫണ്ട് - സംബന്ധിച്ച്

**സൂചന :** 1) 2023 ആഗസ്റ്റ് 23 ലെ റീജിയണൽ ഡയറക്ടറുടെ F.No4-1/NSS/KER/SFU/ 2023-24/41-64 നമ്പർ കത്ത്

ഹയർ സെക്കന്ററി നാഷണൽ സർവ്വീസ് സ്കീം 2024-25 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ വോളന്റിയർമാരുടെ എൻറോൾമെന്റ് അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. ക്ലസ്റ്റർ കൺവീനർമാർ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന എൻറോൾമെന്റ് ക്രോഡീകരിച്ച് ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ്. ജില്ലാ തലത്തിൽ ക്രോഡീകരിച്ച എൻറോൾമെന്റ് ലിസ്റ്റ് 2024 സെപ്റ്റംബർ മാസത്തിൽ നടക്കുന്ന ജില്ലാ-റീജിയണൽ കൺവീനർമാരുടെ യോഗത്തിൽ അതാത് ജില്ലാ കൺവീനർമാർ എൻ.എസ്.എസ്. സെല്ലിൽ ഏൽപ്പിക്കേണ്ടതാണ്. (ഹാർഡ് കോപ്പി & സോഫ്റ്റ് കോപ്പി).

സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളുടെ അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് സൂചന കത്ത് പ്രകാരം Rs. 4000/- രൂപയായി (നാലായിരം രൂപാ മാത്രം) നിജപ്പെടുത്തിയിട്ടുള്ളത് പ്രോഗ്രാം ഓഫീസർമാർ നാഷണൽ സർവ്വീസ് സ്കീം, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം എന്ന പേരിൽ ഡി.ഡി. ആയി (എസ്.ബി.ഐ. തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ മാറാവുന്നത്) എൻറോൾമെന്റ് ലിസ്റ്റിനോടൊപ്പം ക്ലസ്റ്റർ കൺവീനർമാർ വഴി ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ്. ഡി.ഡി.യുടെ പിറകുവശത്ത് സ്കൂളിന്റെ പേര് ജില്ല എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. പുതുതായി പ്രവർത്തനമാംരംഭിച്ച യൂണിറ്റുകൾ അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിനത്തിൽ 2000/- രൂപ (രണ്ടായിരം രൂപാമാത്രം) യുടെ ഡി.ഡി. മേൽപറഞ്ഞ രീതിയിൽ നൽകേണ്ടതാണ്. ഡി.ഡി.കളും ജില്ലാ തലത്തിൽ ക്രോഡീകരിച്ച സ്കൂളുകളുടെ ലിസ്റ്റും (ഹാർഡ് കോപ്പി & സോഫ്റ്റ് കോപ്പി - എക്സെൽ ഫോർമാറ്റിൽ SBI- Other Bank വേർതിരിച്ച്) ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ കൺവീനർമാർ ജില്ലയുടെ മുഴുവൻ DD യും ലിസ്റ്റുകളും സഹിതം സെപ്റ്റംബർ 15 ന് മുമ്പ് എൻ.എസ്.എസ്. സെല്ലിൽ എത്തിക്കേണ്ടതാണ്.

**FORMAT I**

| Sl.No | SCHOOL ADDRESS | D D No. | BRANCH S B I | AMOUNT |
|---|---|---|---|---|

**FORMAT II**

| Sl.No | SCHOOL ADDRESS | D D No. | BRANCH OTHER BANK | AMOUNT |
|---|---|---|---|---|

സൂചന 1 കത്ത് പ്രകാരം താഴെപറയുന്ന രീതിയിൽ സ്വാശ്രയ യൂണിറ്റുകൾക്കുള്ള പ്രവർത്തന ഫണ്ട് യൂണിറ്റു തലത്തിൽ സ്വരൂപിച്ച് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് കഴിച്ചുള്ള തുക പൂർണ്ണമായും ബാങ്കിൽ നിക്ഷേപിക്കേണ്ടതും യൂണിറ്റ് തല ഉപദേശകസമിതിയുടെ അംഗീകാരത്തോടെ മാത്രം താഴെപറയുന്ന ഹെഡുകളിൽ തുകകൾ ചെലവാക്കേണ്ടതുമാണ്.

യൂണിറ്റുകളുടെ വോളന്റിയർ അലോക്കേഷൻ 100 ആയതിനാൽ യൂണിറ്റുകളിൽ നൂറുവിദ്യാർത്ഥികളെ നിർബന്ധമായും എൻ റോൾ ചെയ്യേണ്ടതാണ്.

വോളന്റിയർമാരുടെ എണ്ണം 100 ൽ കുറവുള്ള യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല.

| Sl. No. | Activity | Revised Amount per year | Amount |
|---|---|---|---|
| 1. | Regular activity | Rs.400/- per volunteer | 40,000 |
| 2. | Special Camping Programme (Collect at the time of special camp) | Rs. 700/- per 50 volunteer | 35,000 |
| 3. | Total amount for 100 volunteer | | **75,000** |

Break-up of Rs. 400/- under Regular activities given below.

| | | | |
|---|---|---|---|
| 1. | Administrative expenditure at Directorate | Rs. 40/- volunteer | 4,000 |
| 2. | Programme Officer Out of Pocket Allowance | Rs.60/- volunteer | 6,000 |
| 3. | Clerical/ stationary/ contigency | Rs.25/- volunteer | 2,500 |
| 4. | Programme Expenditure | Rs. 275/- volunteer | 27,500 |
| | **Total** | **400/-** | **40,000** |

മേൽ പട്ടികപ്രകാരം വർദ്ധിപ്പിച്ച തുകയായ 40,000/- രൂപയും (400x100) 35,000/- രൂപയും (700x50) സ്വാശ്രയ യൂണിറ്റുകളിലെ വോളന്റിയർ വിഹിതമായി നിശ്ചയിച്ചിട്ടുണ്ട്.

ഇത്തരത്തിൽ രണ്ടുവർഷത്തെ റഗുലർ പ്രവർത്തനങ്ങൾക്കായി ഒരു വോളന്റിയർക്ക് 800/-രൂപ (എണ്ണൂറു രൂപാ മാത്രം) ക്രമത്തിൽ എൻറോൾമെന്റ് സമയത്ത് സ്വീകരിക്കാവുന്നതാണ്. സ്പെഷ്യൽ ക്യാമ്പ് സംഘാടന സമയത്തു മാത്രം പ്രസ്തുത പരിപാടിക്കുള്ള 700/- രൂപാ മാത്രം സ്വീകരിച്ചാൽ മതിയാകും. സാമ്പത്തികമായി പ്രയാസമനുഭവിക്കുന്ന അർഹരായ വോളന്റിയർമാർക്ക് തുക കണ്ടെത്തുന്നതിനായി പി.ടി.എ., സി.എസ്.ആർ ഫണ്ടുകൾ മറ്റു സ്പോൺസർഷിപ്പുകൾ തുടങ്ങിയ സഹായം യൂണിറ്റ് തല ഉപദേശകസമിതിയുടെ അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

പ്രോഗ്രാം കോ-ഓർഡിനേറ്റർ